# Desabhimani
# 31 July 2018
# Kochi, Idukki Dam, Water Level

ജലനിരപ്പുയരുന്നത് സാവധാനം

## പെട്ടെന്ന് ഷട്ടറുകൾ ഉയർത്തേണ്ട സാഹചര്യമില്ല

- ഇടുക്കി അണക്കെട്ട് തുറക്കണമെങ്കിൽ ഇനിയും 8 അടി ജലനിരപ്പുയരണം
- ഇടമലയാറിൽ രണ്ടര മീറ്റർ കൂടി വെള്ളം ഉയർന്നാലേ സംഭരണശേഷി പൂർണമാകൂ

**കൊച്ചി**

ഇടുക്കിയിലും ഇടമലയാറിലും സാവധാനമാണ് ജലനിരപ്പുയരുന്നതെന്നും പെട്ടെന്ന് ഷട്ടറുകൾ ഉയർത്തേണ്ട സാഹചര്യമില്ലെന്നും കലക്ടർ അറിയിച്ചു. ഇടുക്കി അണക്കെട്ട് തുറക്കുന്ന ഘട്ടമെത്തണമെങ്കിൽ ഇനിയും എട്ട് അടിയോളം ജലനിരപ്പുയരണം. ഇടമലയാറിൽ രണ്ടര മീറ്റർ കൂടി വെള്ളം ഉയർന്നാലേ സംഭരണശേഷി പൂർണമാകൂ.

രണ്ടിടത്തും പൂർണതോതിൽ വൈദ്യുതി ഉൽപ്പാദനം നടത്തി ജലം വിനിയോഗിക്കുന്നുണ്ട്. രണ്ടിടത്തും ആദ്യത്തെ മുന്നറിയിപ്പ് മാത്രമാണ് ഇതുവരെ നൽകിയിട്ടുള്ളത്. മൂന്നാമത്തെ മുന്നറിയിപ്പും നൽകി 24 മണിക്കൂറിന് ശേഷമാണ് പരീക്ഷണാടിസ്ഥാനത്തിൽ ജലമൊഴുക്കുക. ഇതിനകം തീരത്തുള്ളവരെ അഭയസ്ഥാനങ്ങളിലേക്ക് മാറ്റുന്നതിനും വീട്ടുപകരണങ്ങളും വിലപിടിപ്പുള്ള സാധനങ്ങളും മാറ്റുന്നതിനും സമയം ലഭിക്കും.

ഇടമലയാർ അണക്കെട്ടിൽ ജലനിരപ്പ് 165 മീറ്റർ കടന്നപ്പോഴാണ് ആദ്യ മുന്നറിയിപ്പ് നൽകിയത്. ഇത് 167 മീറ്ററാകുമ്പോൾ രണ്ടാം മുന്നറിയിപ്പും 169 മീറ്ററാകുമ്പോൾ മൂന്നാം മുന്നറിയിപ്പും നൽകും. ഇടുക്കിയിൽ 2390 അടി പിന്നിട്ടപ്പോഴാണ് ആദ്യ മുന്നറിയിപ്പ് നൽകിയത്. ജലനിരപ്പ് 2395 അടിയാകുമ്പോൾ രണ്ടാമത്തെയും 2399 അടിയാകുമ്പോൾ മൂന്നാമത്തെയും മുന്നറിയിപ്പ് നൽകും. തുടർന്ന് 24 മണിക്കൂറിനു ശേഷമേ ഷട്ടറുകൾ തുറക്കൂ. 40 സെന്റിമീറ്റർ ഷട്ടർ ഉയർത്തി ട്രയൽ റൺ നടത്തി ജലപ്രവാഹത്തിന്റെ ഗതി നിരീക്ഷിച്ച ശേഷം ഘട്ടം ഘട്ടമായേ ഷട്ടറുകൾ തുറക്കൂ. പരമാവധി നാലു മണിക്കൂർ നേരത്തേക്കു മാത്രമേ ഇത്തരത്തിൽ ജലം തുറന്നുവിടുകയുള്ളൂവെന്നും കലക്ടർ അറിയിച്ചു.



ജലനിരപ്പിന്റെ വിദൂര ദൃശ്യം

## മുൻകരുതൽ നടപടി പൂർത്തിയായി

- ദുരന്തനിവാരണ സേന, കരസേന, നാവികസേന, വായുസേന, തീരസംരക്ഷണ സേന എന്നിവ സേവനസജ്ജം
- പെരിയാറിൽ ജലനിരപ്പുയർന്നാൽ തീരവാസികളെ മാറ്റിപാർപ്പിക്കാൻ കേന്ദ്രങ്ങൾ സജ്ജമാക്കി
- മുൻകരുതൽ പ്രദേശങ്ങളുടെ പട്ടികയിൽ 51 തദ്ദേശ സ്ഥാപനങ്ങൾ

**കൊച്ചി**

ഇടുക്കി, ഇടമലയാർ ഷട്ടറുകൾ തുറക്കുന്ന സാഹചര്യമുണ്ടായാൽ സ്വീകരിക്കേണ്ട മുൻകരുതൽ നടപടി ജില്ലയിൽ പൂർത്തിയായി. ദുരന്തനിവാരണ സേനയ്ക്കു പുറമെ കരസേന, നാവികസേന, വായുസേന, തീരസംരക്ഷണസേന എന്നിവയും സേവനത്തിന് സന്നദ്ധമായി നിലയുറപ്പിച്ചിട്ടുണ്ട്. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറിയാൽ ചെറുബോട്ടുകൾ വിന്യസിച്ച് രക്ഷാപ്രവർത്തനം നടത്തും.

ഭൂതത്താൻകെട്ട് അണക്കെട്ടിന്റെ എല്ലാ ഷട്ടറുകളും നിലവിൽ തുറന്നുവച്ചിരിക്കുകയാണ്. പെരിയാറിൽ ജലനിരപ്പുയർന്നാൽ തീരവാസികളെ മാറ്റിപാർപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങളും സജ്ജമാക്കി. ദേശീയ ദുരന്തനിവാരണ സേനയുടെ ഒരു ബറ്റാലിയനും ജില്ലയിലുണ്ട്.

ജില്ലയിൽ മുൻകരുതൽ പ്രദേശങ്ങളുടെ പട്ടികയിൽ 51 തദ്ദേശസ്ഥാപനങ്ങളാണുള്ളത്. മാറ്റിപാർപ്പിക്കാൻ സാധ്യതയുള്ള കുടുംബങ്ങളുടെ പട്ടിക വില്ലേജ് അടിസ്ഥാനത്തിൽ തയ്യാറാക്കി. ക്യാമ്പുകൾ പ്രവർത്തിപ്പിക്കേണ്ട സ്കൂളുകൾ, മറ്റു സ്ഥാപനങ്ങൾ, ആളുകളെ എത്തിക്കാനുള്ള ബസ്, വഞ്ചി തുടങ്ങിയവയെല്ലാം തയ്യാറായി. ക്യാമ്പ് നടത്തുന്നതു സംബന്ധിച്ച വിശദാംശങ്ങൾ തദ്ദേശസ്ഥാപന അധികൃതർക്ക് കൈമാറും.

## സിപിഐ എം പ്രവർത്തകർ മുന്നിട്ടിറങ്ങണം

**കൊച്ചി**

ഇടുക്കി ഡാം തുറക്കുന്നതിന്റെ ഭാഗമായി പെരിയാറിൽ ജലനിരപ്പ് ഉയരാൻ സാധ്യതയുള്ളതിനാൽ ഇരുകരകളിലുമുള്ള ജനങ്ങളെ സഹായിക്കുന്നതിന് ജില്ലാ ഭരണകേന്ദ്രം നടത്തുന്ന പ്രവർത്തനങ്ങളിൽ പാർടി പ്രവർത്തകർ പങ്കാളികളാകണമെന്ന് സിപിഐ എം ജില്ലാ സെക്രട്ടറിയറ്റ് അഭ്യർഥിച്ചു.

ജനങ്ങളെ സഹായിക്കുന്നതിന് ആവശ്യമായ സന്നദ്ധപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും പാർടി ഘടകങ്ങളും പ്രവർത്തകരും മുന്നിട്ടിറങ്ങണം. ഇത് സംബന്ധിച്ച് അനാവശ്യമായ ആശങ്ക പരത്താനുള്ള നീക്കത്തിൽ വീണുപോകരുതെന്നും സെക്രട്ടറിയറ്റ് അഭ്യർഥിച്ചു.

## ഉന്നതതല യോഗം ചേർന്നു

**കൊച്ചി**

കലക്ടറേറ്റിൽ ചേർന്ന ഉന്നതതലയോഗത്തിൽ കലക്ടർ മുഹമ്മദ് വൈ സഫിറുള്ളയുടെ അധ്യക്ഷനായി. എംഎൽഎമാരായ ആന്റണി ജോൺ, കെ ജെ മാക്സി, അഡ്വ. എൽദോസ് കുന്നപ്പിള്ളി, ഹൈബി ഈഡൻ, പി ടി തോമസ്, അൻവർ സാദത്ത്, വി കെ ഇബ്രാഹിംകുഞ്ഞ്, വി പി സജീന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആശ സനിൽ, ഫോർട്ട്കൊച്ചി ആർഡിഒ എസ് ഷാജഹാൻ, ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കലക്ടർ പി ഡി ഷീലാദേവി, വെള്ളപ്പൊക്കം നേരിട്ട് ബാധിക്കാവുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷൻമാർ, വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.